# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.4/1192/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.4/1192/2022 തീയ്യതി: 30/06/2022

## മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-09-2020 മുതൽ 08-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ജലീൽ.ടി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

2.ശ്രീ.മുഹമ്മദ് സലീം.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ശ്രീ.രാമകൃഷ്ണൻ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

4.ശ്രീ.റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീമതി.സുജാത.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ഖാലിദ് മാസ്റ്റർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കേശവദാസ്.പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ആബിദ അബ്ദുൾ കരീം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കരുവാരക്കുണ്ട്) | 01-04-2019 | 31-03-2020 |
| ഡോ.ജസീല | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി കാളികാവ്) | 01-04-2019 | 31-03-2020 |
| ശ്രീ.അനീഷ്.എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രീത.എൽ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 06-07-2019 |
| ശ്രീ.തോമസ്.ടി.ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 07-07-2019 | 06-09-2019 |
| ശ്രീമതി.മിനി.സി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 07-09-2019 | 14-01-2020 |
| ശ്രീമതി.വിജയശ്രീ.എസ്.ബി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 15-01-2020 | 31-03-2020 |
| ശ്രീമതി.ദിവ്യ.ജി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഹഫ്സത്ത്.പി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 29-07-2019 |
| ശ്രീമതി.ജയഗീത.കെ.എം | ശിശു വികസന പദ്ധതി | 30-07-2019 | 11-12-2019 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി.സുബൈദ.പി | ശിശു വികസന പദ്ധതി ഓഫീസർ | 12-12-2019 | 31-03-2020 |
| ശ്രീ.സുമേഷ്.വി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.സുബിൻ.എസ്.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 27-07-2019 |
| ശ്രീ.രാജൻ.എം.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 28-07-2019 | 30-09-2019 |
| ശ്രീമതി.രഹ്ന.എ.സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-10-2019 | 31-12-2019 |
| ശ്രീമതി.സിനിമോൾ.സി.എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-01-2020 | 11-02-2020 |
| ശ്രീമതി.സുധേഷ്ണ പാലോളി | അസിസ്റ്റന്റ് എഞ്ചിനിയർ | 12-02-2020 | 31-03-2020 |
| ശ്രീമതി.ഗിരിജ.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ശ്രീരാജ്.എം | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-12-2019 |
| ശ്രീ.വിനോദ്.പി.സി | വ്യവസായ വികസന ഓഫീസർ | 01-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 23-05-2022)<br>Last Updated By: Sujatha M (Auditor, On 23-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rasheed V (Senior Grade Auditor, On 31-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 31-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 23-05-2022)<br>Last Updated By: Sujatha M (Auditor, On 23-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം.<br>Written By: Rasheed V (Senior Grade Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 30-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 30-05-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-11 |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ വരവ് ധനകാര്യ പത്രിക പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Sujatha M (Auditor, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-12 |
| 13 | അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല<br>Written By: Sujatha M (Auditor, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-13 |
| 14 | പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.<br>Written By: Rasheed V (Senior Grade Auditor, On 19-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-14 |
| 15 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 19-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 19-05-2022) | 1-15 |
| 16 | സെക്കന്ററി പെയ്ൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ- വാഹനം | 1-16 |

| | | |
|---|---|---|
| | തെരഞ്ഞെടുത്ത നടപടിയിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | |
| 17 | CHCയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- റഫ്രിജറേറ്റർ ലഭ്യമായില്ല<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-17 |
| 18 | കരുവാരകുണ്ട് സിഎച്ച്സിയിൽ വാച്മാൻ കാബിനും കവാട നിർമ്മാണവും(104/20) പദ്ധതി നിർവ്വഹണത്തിലെ കാലതാമസം - ഫൈൻ ഈടാക്കിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 23-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 25-05-2022) | 1-18 |
| 19 | മേൽക്കൂര നിർമ്മാണം - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ടസ് വർക്കിന്റെ നിരക്ക് അനുവദിച്ച് അധികം പണം നൽകി<br>Written By: Muhammed Saleem T (Asst. Audit Officer, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 15-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 15-05-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 15-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 15-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 15-05-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 15-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Rasheed V (Senior Grade Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 26.02.2019 | ഇല്ല. |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 11.05.2020 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 2,43,80,713 |
| വരവ് | 4,71,03,892 |
| ആകെ | 7,14,84,605 |
| ചെലവ് | 5,91,57,609 |
| നീക്കിയിരിപ്പ് | 1,23,26,996 |

### 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 60144000 | 60144000 | 23071237 | 37072763 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 22332879 | 22332879 | 7735276 | 14597603 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 2543000 | 2543000 | 1477401 | 1065599 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7856000 | 7856000 | 2576082 | 5279918 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 0 | 0 | 0 | |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 127986088 | 51 | 37262255 | 22 | 64 | 37.23% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.05.2022 ന് 3 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം.

1). കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും ,വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ,ആയതും പാലിക്കപ്പെടുന്നില്ല.

2). കൃഷി അസി.ഡയറക്ടർ കാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2022 | 2020-2021 | 13.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2014 | 2010 -2011 മുതൽ 2012-13 വരെ | 14.11.2014 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3)ഡെപ്പോസിറ്റ് രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ Temporary Advance For Official Purpose ഇനത്തിൽ രേഖപ്പെടത്തിയ 6,88,903 രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)വാടക ഇനത്തിൽ 37,800 രൂപ വരവായി വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

6)ഓഡിറ്റ് റിക്കവറിയിനത്തിൽ 55,287 രൂപ അടവാക്കിയിട്ടുണ്ടെങ്കിലും വാർഷികകണക്കിൽ 1905 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7)സംയുക്ത പദ്ധതികൾ ഇനത്തിൽ യഥാക്രമം 15,94,600, 1,33,000 എന്നിങ്ങനെ ജില്ലാപഞ്ചായത്ത് ,ഗ്രാമപഞ്ചായത്ത് വിഹിതം ലഭ്യമായതായി വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും,രേഖകളുടെ അഭാവത്തിൽ തുകകളുടെ

ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

8)വികസനഫണ്ട് (ജനറൽ ) ഇനത്തിൽ ചെലവ് എ സി ആർ പ്രകാരം 2,30,71,237 രൂപ യും ആയത് വാർഷികകണക്കിൽ 2,30,64,316 രൂപയാണ്. 6921 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

9) ടി എസ് സി നീക്കിയിരിപ്പ് ഷെഡ്യൂൾ B-17 പ്രകാരം 14,838 രൂപയാണ്.എന്നാൽ ആയത് ഷെഡ്യൂൾ B-4 പ്രകാരം 7687 രൂപയാണ്.ഇക വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി നം. 6/2019-20/16.05.22 )

## 1-12 ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ വരവ് ധനകാര്യ പത്രിക പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

കാളികാവ് ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുകിട്ടിയ സ്ഥലത്തുനിന്ന് മുറിച്ചുമാറ്റിയ മരങ്ങൾ 04.09.2019 ന് നടന്ന ലേലത്തിൽ 175600/- രൂപക്ക് ശ്രീ.മൊയ്തീൻകുട്ടി , തൊമ്മനക്കാടൻ ഹൗസ് എന്നവർ ഏറ്റെടുക്കുകയും നികുതികളടക്കം 217993/- രൂപ ( GST- 30340/- + FDT- 10297/- + Cess -1756/-) അടവാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്നതിന് പകരം പ്രസ്തുത തുക നേരിട്ട് കരുവാരകുണ്ട് സബ് ട്രഷറിയിലെ എസ്.ടി.എസ്.ബി 1 അക്കൗണ്ടിൽ അടവാക്കുകയാണ് ചെയ്തത്. തുക ട്രഷറിയിൽ നേരിട്ട് അടവാക്കിയത് മൂലം പ്രസ്തുത വരവ് ബ്ലോക്ക് പഞ്ചായത്തിന്റെ രേഖകളിൽ വന്നിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്നതിന് പകരം പ്രസ്തുത തുക നേരിട്ട് കരുവാരകുണ്ട് സബ് ട്രഷറിയിൽ അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/2019-20/16.05.2022 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-13 അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ / തിയ്യതി | അക്കൌണ്ട് ചെയ്യേണ്ട തിയ്യതി | അക്കൌണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി. | അക്കൌണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| STSB 715131400000001 | 2104261/04.04.2019 | 04.04.2019 | 04.04.2019 | 07.05.2019 |
| | 2104272/01.06.2019 | 01.06.2019 | 04.06.2019 | 24.06.2019 |
| | 2104273/04.06.2019 | 04.06.2019 | 04.06.2019 | 24.06.2019 |
| | 2104273/04.06.2019 | 04.06.2019 | 04.06.2019 | 24.06.2019 |
| | 2104276/18.06.2019 | 18.06.2019 | 20.06.2019 | 24.06.2019 |
| | 3043301/26.06.2019 | 26.06.2019 | 27.06.2019 | 04.07.2019 |
| | 3043307/11.07.2019 | 11.07.2019 | 12.07.2019 | 20.07.2019 |
| | 3043312/07.08.2019 | 07.08.2019 | 08.08.2019 | 19.08.2019 |
| | 3043311/06.08.2019 | 06.08.2019 | 06.08.2019 | 19.08.2019 |
| | 3043317/22.08.2019 | 22.08.2019 | 26.08.2019 | 30.08.2019 |
| | 3043320/02.09.2019 | 02.09.2019 | 03.09.2019 | 04.09.2019 |
| | 3043321/04.09.2019 | 04.09.2019 | 04.09.2019 | 17.09.2019 |
| | 3043322/04.09.2019 | 04.09.2019 | 04.09.2019 | 17.09.2019 |
| | 304335/15.10.2019 | 15.10.2019 | 15.10.2019 | 30.10.2019 |

ചെലവുകൾ യഥാസമയം അക്കൌണ്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാൻ 11/19-20/17.05.2022 പ്രകാരം

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

2018-19 സാമ്പത്തിക വർഷം മാധ്യമം ദിനപ്പത്രത്തിൽ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം /തീയതി | തുക | ചെലവ് വിവരം . |
|---|---|---|---|
| 1. | 21900232/29.10.2019 | 2,100 | ഇൻവോയിസ് നമ്പർ / തീയതി: 1596/15.09.2017 - (2000 + 100 GST) |
| 2. | | 1680 | ഇൻവോയിസ് നമ്പർ / തീയതി: 2625/20.12.2017 - (1600 + 80 GST) |
| 3 | | 1680 | ഇൻവോയിസ് നമ്പർ / തീയതി: 3064/24.01.2018 - (1600 + 80 GST) |
| 4 | | 1680 | ഇൻവോയിസ് നമ്പർ / തീയതി: 3384/16.02.2018 - (1600 + 80 GST) |
| | ആകെ | 7140 രൂപ | |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനങ്ങൾ സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ച നൽകുകയാണുണ്ടായത്. അപാകതക്ക് കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ : 05(2019-20)/16.05.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 14/20 |
| അടങ്കൽ തുക | 40,00,000/- രൂപ. |
| വിനിയോഗിച്ച തുക | 24,20,086/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |

2019-20 സാമ്പത്തിക വർഷത്തിൽ 24,20,086/- രൂപ പാലിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). പാലളവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | ചെലവ് വിവരങ്ങൾ. | അപാകത. |
|---|---|---|---|
| 1 | 17/2019-20 Dt.14.08.2019 – 30,678/- രൂപ. | പാതിരിക്കോട്.കെ.എസ്.എസ് | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | 61/2019-20 Dt.26.02.2020 – 27,621/- രൂപ. | കരുളായി.കെ.എസ്.എസ് | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | 14/2019-20 Dt.13.08.2019 – | വേങ്ങപ്പരത.കെ.എസ്.എസ് | ക്ഷീരോൽപ്പാദക സഹകരണ |

| | | | |
|---|---|---|---|
| | 1,06,968/- രൂപ. | | സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | 81/2019-20 Dt.10.03.2020 – 48,109/- രൂപ. | ആമപ്പൊയിൽ, & ചേരിപ്പലം, വേങ്ങപ്പരത ക്ഷീരസംഘങ്ങൾ. | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 5 | 82/2019-20 Dt.10.03.2020 – 12,811/- രൂപ. | വിവിധ ക്ഷീരസംഘങ്ങൾ. | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 6 | 10/2019-20 Dt.13.08.2019 – 11,817/- രൂപ. | പൊട്ടിയാടത്താൽ.കെ.എസ്.എസ് | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

പാലളവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ സബ്സിഡി തുക അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്ഷീരസംഘങ്ങളിൽ നിന്നുള്ള പാലളവ് വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 2,38,004/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2). ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളും സമാനമായ പദ്ധതി പ്രകാരം ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കും പരമാവധി സബ്സിഡിയും അധികരിച്ച് തുക നൽകിയിട്ടുണ്ടോയെന്നും സബ്സിഡി നൽകിയതിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോയെന്നും പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

3). സബ്സിഡി അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷ, ബാങ്ക് അക്കൌണ്ട് വിവരങ്ങൾ, ഫോൺ നമ്പർ, മേൽവിലാസം എന്നിവ ലഭ്യമാക്കാത്തതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ സബ്സിഡി അനുവദിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 10(2019-20)/17.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്കക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 സെക്കന്ററി പെയ്ൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ- വാഹനം തെരഞ്ഞെടുത്ത നടപടിയിലെ അപാകതകൾ

കാളികാവ് ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽ കാളികാവ് സാമൂഹികാരോഗ്യ കേന്ദ്രം മുഖേന നടപ്പിലാക്കുന്ന സെക്കന്ററി പെയ്ൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ പദ്ധതിക്കായി (53/19-20) വാഹനം തെരഞ്ഞെടുത്ത നടപടിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു. പദ്ധതിക്കായി വാഹനം ഓടിക്കാൻ തയ്യാറുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു ( ക്വട്ടേഷൻ നോട്ടീസ് നം 126/2019/20.03.2019) . ക്വട്ടേഷനുകൾ 30.03.2019 രാവിലെ 10.30 വരെ സ്വീകരിക്കുന്നതും അപ്പോൾ തന്നെ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറന്ന് ഏറ്റവും കുറഞ്ഞ തുക ദിവസ വാടക കാണിച്ചവരുടെ പേരിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതാണെന്നും ക്വട്ടേഷൻ നോട്ടീസിൽ വ്യക്തമാക്കിയിരുന്നു.

30.03.2019 രാവിലെ 10.30 ന് ലഭിച്ച 7 ക്വട്ടേഷനുകൾ തുറന്ന് തയ്യാറാക്കിയ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ദിവസ വാടക |
|---|---|---|

| | | |
|---|---|---|
| 1 | മുഹമ്മദലി .സി.പി | 900 |
| 2 | വൈഷ്ണവ്.കെ | 1190 |
| 3 | സിൽപു.എം | 740 |
| 4 | ഹരിശ്ചന്ദ്രൻ | 1090 |
| 5 | മുസ്ഹബ് | 1400 |
| 6 | അഷ്റഫ്.എം | 1300 |
| 7 | അസീസ് മൂച്ചിക്കൽ | 990 |
| 8 | മണികണ്ഠൻ നായർ | 1190 |
| 9 | മൻസൂർ മുതുക്കോടൻ | 1200 |

ക്വട്ടേഷനുകൾ തുറന്ന് ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ക്രമ നം 1, 3, 7 എന്നിവർ അവർ സമർപ്പിച്ച ക്വട്ടേഷൻ പിൻവലിക്കുന്നതായി 30.03.2019 ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കി ശ്രീ.ഹരിശ്ചന്ദ്രൻ എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചതായി ( 126/2019/01.04.2019) കാണുന്നു. ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടി അംഗീകരിക്കാവുന്നതല്ല.

സെക്കന്ററി പെയ്ൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ പദ്ധതിക്കായി (53/19-20) വാഹന വാടക ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. 1080 രൂപയാണ് ദിവസ വാടകയായി അനുവദിച്ചിട്ടുള്ളത്.

| ബിൽ നം / തുക | വാഹന വാടക |
|---|---|
| 3/19-20/28.06.2019 - 38987/- | 31320/- (29 X1080) |
| 5/19-20/26.07.2019 - 18800/- | 15120/- (14 X1080) |
| 9/19-20/30.08.2019 - 16080/- | 12960/- (12X1080) |
| 11/19-20/30.09.2019 - 17480/- | 14040/- (13 X1080) |
| 14/19-20/24.10.2019 - 19960/- | 16200/- (15X1080) |
| 16/19-20/09.12.2019 - 21280/- | 17280/- (16X1080) |
| 19/19-20/31.12.2019 - 20480/- | 17280/- (16X1080) |
| 21/19-20/27.01.2020 - 21204/- | 17280/- (16X1080) |
| 24/19-20/26.02.2020 - 31590/- | 17280/- (16X1080) |
| 33/19-20/12.03.2020 - 21920/- | 17280/- (16X1080) |
| 42/19-20/30.03.2020 - 21440/- | 17280/- (16X1080) |

8/2019-20/16.05.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത 3 ക്വട്ടേഷനുകൾ ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകൾ പാലിക്കാതെ ക്വട്ടേഷനുകൾ തുറന്നതിനുശേഷം പിൻവലിക്കാൻ അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 CHCയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- റഫ്രിജറേറ്റർ ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കരുവാരക്കുണ്ട്) |
| പദ്ധതി | കരുവാരകുണ്ട് സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (69/19-20) |
| ചെലവ് | 354547 /- റോഡിതരം<br>ബി.നം. 5/19-20/04.01.2020-297473/-<br>ബി.നം. 8/19-20/22.02.2020-22184/-<br>ബി.നം. 17/19-20/30.03.2020-34890/- |

കാളികാവ് ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽ കരുവാരകുണ്ട് സാമൂഹികാരോഗ്യ കേന്ദ്രം മുഖേന നടപ്പിലാക്കിയ കരുവാരകുണ്ട് സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (69/19-20) പദ്ധതിയുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 77680/- രൂപ Refrigerator Model A ( With Stabilizer), Centrifuge- 16 Wells എന്നിവ ലഭ്യമാക്കുന്നതിനായി KMSCL ന് പ്രൊഫോർമ ഇൻവോയ്സ് Proforma Invoice- 112/2019-2020 Date-18.12.2019 പ്രകാരം നൽകിയിട്ടുണ്ട്. ആയതിൽ 00334/19-20/01.03.2020 നമ്പർ ഇൻവോയ്സ് പ്രകാരം Centrifuge- 16 Wells ലഭ്യമായിട്ടുണ്ട്. എന്നാൽ Refrigerator Model A ( With Stabilizer) [ തുക 40433/-] നാളിതുവരെയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. റഫ്രിജറേറ്റർ ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ ചെലവ് തുക 40433 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം.9/2019-20/16.05.2022 മറുപടി ലഭ്യമാക്കിയില്ല)

## 1-18 കരുവാരകുണ്ട് സിഎച്ച്സിയിൽ വാച്മാൻ കാബിനും കവാട നിർമ്മാണവും(104/20) പദ്ധതി നിർവ്വഹണത്തിലെ കാലതാമസം - ഫൈൻ ഈടാക്കിയില്ല.

കരുവാരകുണ്ട് സിഎച്ച്സിയിൽ വാച്മാൻ കാബിനും കവാട നിർമ്മാണവും പ്രവൃത്തി സമയക്രമം പാലിച്ച് പൂർത്തീകരിച്ചില്ല. ആയതിനു ഫൈൻ പൂർണ്ണമായി ഈടാക്കിയിട്ടില്ല.

അടങ്കൽ -700000

കരാറുകാരൻ - കെ യൂസഫ് അലി

കരാർ - AE/KKV/BP/32/17-18 തിയ്യതി 14-11-17

കരാർതുക - 617953

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയ്യതി 14.3.18

പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി 28.9.19

ആകെ മൂല്യം - 545735

ബിൽ 9/27.3.19 397359

ബിൽ73/13.2.20 148384

2017-18 ൽ 52/18 നമ്പറായി തയ്യാറാക്കിയ ഈ പ്രൊജക്റ്റ് 2019-20 ൽ ആണ് പൂർത്തീകരിക്കുന്നത്.

പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 14-11-17 നു കരാർ വെച്ച പ്രവൃത്തിയുടെ സൈറ്റ് കൈമാറുന്നത് കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയ്യതിയായ 14.3.18 നും ശേഷം 15.3.18 നാണ്.

2. കാലാവധി നീട്ടുന്നതിനു അപേക്ഷ നൽകിയിട്ടില്ല എന്നും 31.5.18 നു മുമ്പായി പണി പൂർത്തീകരിക്കണമെന്നും ആവശ്യപ്പെട്ട് 4.5.2018 നും 13.7.2018 നു പ്രവൃത്തി കാലാവധി പൂർത്തിയാക്കേണ്ടതാണ് എന്ന് കാണിച്ച് 7.6.2018 നും അസിസ്റ്റന്റ് എഞ്ചിനിയർ കോൺട്രാക്ടർക്ക് AE/KKV/05 നമ്പർ കത്ത് നൽകിയിട്ടുണ്ട്. കരാർ കാലാവധി നീട്ടുന്നതിനു കരാറുകാരൻ അപേക്ഷ നൽകിയതായോ കാലാവധി നീട്ടുന്നതിനു ഭരണ സമിതി അനുമതി നൽകിയതായോ

കാണുന്നില്ല.

3. പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നു 6180 രൂപ മാത്രമാണ് പിഴ ഈടാക്കിയത്. തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എസി2/223/15 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യ 3 മാസക്കാലയളവിനു ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിനും 2 ശതമാനം നിരക്കിലും ആണ്.

ആയത് പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്.( ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 2/12.5.22 നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.)

## 1-19 മേൽക്കൂര നിർമ്മാണം - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ച് അധികം പണം നൽകി

നെല്ലിക്കലടി എസ്റ്റി കോളനി സാംസ്കാരിക നിലയം നിർമ്മാണം (No. 114/20) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി കെട്ടിടത്തിൻ സ്റ്റീൽ സ്ട്രക്ച്ചറിൽ ഷീറ്റ് മേഞ്ഞ് മേൽക്കൂര പണിതിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമെറ്റിലെ ഇനം 18 കിലോഗ്രാമിനു 123.87 രൂപ നിരക്കിൽ 425 കിലോഗ്രാം സ്റ്റീൽ ട്രസ്സ് കൊണ്ട് സ്റ്റീൽ സ്ട്രക്ച്ചർ മേൽക്കൂര പണിയുന്ന പ്രവൃത്തിയാണ് . സ്റ്റീൽ മേൽക്കൂരയിലെ പട്ടികകൾ സിംഗിൾ സെക്ഷനിൽ ആണ് പണിതിട്ടുള്ളത് എന്ന് സ്ഥലപരിശോധനയിൽ ബോധ്യമായി. എന്നാൽ സിംഗ്ൾ സെക്ഷൻ പ്രവൃത്തിക്ക് കൂടി സ്റ്റീൽ ട്രസ്സിനുള്ള ഉയർന്ന നിരക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിവരങ്ങളും അധികം നൽകിയ തുക സംബന്ധിച്ച കണക്കുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | നെല്ലിക്കലടി എസ്റ്റി കോളനി സാംസ്കാരിക നിലയം നിർമ്മാണം (No. 114/20) |
| എസ്റ്റിമെറ്റ് നമ്പർ | 2018/107104 |
| സാങ്കേതിക അനുമതി നമ്പർ | 73907/2018-19 |
| സാങ്കേതിക അനുമതി തുക | 608800 |
| നിരക്കും കോസ്റ്റ് ഇൻഡക്സും | DSoR 2016 , Cost Index 37.25% |
| കരാറുകാരൻ | മുഹമ്മദ് കാരുള്ളി |
| കരാർ നമ്പർ | AE/KKV/BP/61/18-19 Dated 16.11.2018 |
| കരാർ തുക | 606867 |
| അളവ് പുസ്തകം | 61/18-19 |
| ആകെ മൂല്യ നിർണ്ണയം | 606868 |
| പണം നൽകിയതിന്റെ വിവരം | 57/22.3.19 - 573033<br>45/13.2.20 - 33835 |
| എസ്റ്റിമേറ്റിലെ ഇനം 18 ബിൽഡപ്പ് സെക്ഷൻ (ട്രസ്സ്) പ്രവൃത്തിക്ക് കണക്കാക്കി നൽകിയ മൂല്യം | 408.06 Kg X 123.87 = 50546 |
| ഇനം 18 ൽ ഉൾപ്പെടുത്തി അളവെടുത്ത സിംഗ്ൾ സെക്ഷൻ പ്രവൃത്തി (പർലിൻ) (എം ബുക്ക് 61/18-19 പേജ് 18 | 135.36 |
| DSoR 2016 , Cost Index 37.25% പ്രകാരം സിംഗ്ൾ സെക്ഷൻ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് | 80.22 (എസ്റ്റിമേറ്റ് നമ്പർ 2018/116750 ൽ ഇതേ ഇനം പ്രവൃത്തിക്ക് കാളികാവ് ബ്ലോക്ക് അനുവദിച്ച് നൽകിയ നിരക്ക്) |
| ആകെ അധികം നൽകിയ തുക | (123.87 - 80.22)x 135.36 = 5908 രൂപ |

അധികം നൽകിയ 5908 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/17.5.22(2019-20) ക്ക് മറുപടി നൽകിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 09.05.2022 മുതൽ 18.05.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 211092 | ബാലൻപടി അംഗനവാടി നിർമ്മാണം (118/20) | 211092 | 0 |
| | 1594600 | PMAY(G) ഭവന നിർമ്മാണം (147/20) | 1594600 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 132/20 – വ്യവസായ എസ്റ്റേറ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | ലഭ്യമായിട്ടില്ല | 650030 | 650030 | പൂർത്തീകരിച്ചു. | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

### 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീതി നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 3(2) | 1905 | ശ്രീ. സുബിൻ.എസ്.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | 9006496/17.12.89 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

ഇല്ല.

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47103892 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59157609 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 278437 |

ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി).ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 238004 | ശ്രീമതി.ദിവ്യ.ജി.എൽ, ക്ഷീര വികസന ഓഫീസർ |
| 1-17 | 40433 | ഡോ. ആബിദ അബ്ദുൾ കരീം, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കരുവാരക്കുണ്ട് |
| ആകെ | 278437 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2011-12<br>2012-13 | എൽ.എഫ്.എം.4/1747/2017 തിയ്യതി 29.05.2019 | 15 |
| 2013-14 | എൽ.എഫ്.എം. 4/2898/2019 തിയ്യതി 15.09.2020 | 4 |
| 2014-15 | കെ.എസ്.എ.എം.പി.എം.14/1745/2020 തീയ്യതി.21.12.2020 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/54/2020 തിയ്യതി.15-09-2020 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/882/2021 തിയ്യതി.12.10.2021 | 3 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
| --- | --- | --- |
| 2017-18 | കെ.എസ്.എ.എം.പി.എം.4/883/2021 തിയ്യതി.10.11.2021 | 1 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/1255/2020 തിയ്യതി.12.10.2021 | 4 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്